# <u>പിന്നിട്ട പാതയിലെ വെളിച്ചവും തെളിച്ചവും</u>

ഒരു ഓർമ്മക്കുറിപ്പെഴുതുന്നതിനെപ്പറ്റി ഓർത്തപ്പോൾ ഈ തലക്കെട്ടാണ് മനസ്സിൽ തെളിഞ്ഞത്. School ജീവിതം എഴുതാനുള്ള പ്രചോദനം തന്ന CET 84 EE groupനു നന്ദി.

ആദ്യാക്ഷരം കുറിപ്പിച്ച ഉണ്ണിയാശാനാണ് അക്ഷരലോകത്തെ പരിചയപ്പെടുത്തിയത്. എന്നും വൈകുന്നേരങ്ങളിൽ കിറുകൃത്യസമയത്ത് വീട്ടിലെത്തിയായിരുന്നു പഠിപ്പിക്കൽ. ഉമ്മറത്ത് പുല്പായ, ആശാന് മൊന്തയിൽ കുടിവെള്ളം, slate & pencil, slate തുടക്കാനുള്ള വെള്ളവും തുണിക്കഷ്ണവും ഇത്യാദി ഉപാധികളോടെ ഞാൻ പഠിക്കാൻ തയ്യാറാവും. ഉണ്ണിയാശാൻ സ്ഥിരം ചൂരൽവടിയായിട്ടായിരുന്നു നടന്നിരുന്നെങ്കിലും ഒരിക്കൽപോലും പ്രയോഗിച്ചു കണ്ടിട്ടില്ല. മലയാളം അക്ഷരമാല, കൂട്ടക്ഷരങ്ങൾ, ചെറിയ തോതിൽ ഗുണനപ്പട്ടിക, ഇതായിരുന്നു syllabus. യാതൊരുവക പരീക്ഷയും പരീക്ഷണങ്ങളും ഇല്ലാതെതന്നെ ഉണ്ണിയാശാൻ എന്നെ അതിൽ വിജയിയായി പ്രഖ്യാപിക്കപ്പെട്ടു. അദ്ദേഹത്തോടുള്ള അകമഴിഞ്ഞ വിശ്വാസത്താൽ, അക്ഷരങ്ങൾ എഴുതിക്കാണിക്കാനോ പട്ടിക ചൊല്ലിക്കേൾപ്പിക്കാനോ ഒരിക്കൽപോലും എന്നിൽനിന്നും മാതാപിതാക്കൾ ശ്രമിച്ചതായി ഞാൻ ഓർക്കുന്നില്ല. അതിനുശേഷം നേരെ ഒന്നാം class ലേക്ക് എന്നെ ചേർക്കപ്പെട്ടു. സമയനിഷ്ഠത അതിലുപരി ക്ഷമാശീലം എന്നിവയാണ് ഉണ്ണിയാശാനിലെ മഹത്വമായി ഞാൻ ഓർക്കുന്നത്.

ഒന്നാം class മുതൽ ഏഴുവരെ പഠിച്ചത് NSSUP SCHOOL ൽ ആയിരുന്നു (co education school). School ന്റെ gate & വീടിന്റെ gate ഏതാണ്ട് ഒരു road ന്റെ opposite side ൽ ആണെന്ന് പറയാം. Just across the road. അമ്മ ആ school ലെ തന്നെ അദ്ധ്യാപിക ആയിരുന്നെങ്കിലും എന്നെ പഠിപ്പിച്ചിട്ടില്ല. അതൊരു conscious decision ആയിരുന്നു എന്ന് എനിക്ക് പിന്നീട് തോന്നിയിട്ടുണ്ട്. School തൊട്ടുമുൻപിലായതിനാൽ ഗുണങ്ങളും ദോഷങ്ങളും ഉണ്ടായിരുന്നു. ദോഷങ്ങളായവ: കൂടുതൽ നേരം കളിക്കാൻ പറ്റായ്മ (allowed to go & come just on-time only),

gate നു മുൻപിൽ വിൽപ്പനയുള്ള "ഈച്ചമുട്ടായി, കോൽice" എന്നിവയുടെ അപ്രാപ്യത എന്നിവയായിരുന്നു പ്രധാനമായവ. തരംകിട്ടുമ്പോൾ class ന്റെ മൂലയിരുന്നായാലും കളിക്കാവുന്ന, കൊത്താംകല്ലിനായുള്ള ഏഴു മിനുസമായ കൊച്ചുകല്ലുകൾ bag ൽ സ്ഥിരമായി വയ്ക്കുകയോ കൂട്ടുകാരികൾ കടം തരുകയോ ചെയ്തിരുന്നു. Upper Primary വരെ PT യെന്നോ Drill മാഷെന്നോ ഒന്നും കേട്ടുകേഴ്‌വി ഉണ്ടായിരുന്നില്ല. ആസമയത്ത് ഒളിച്ചു കളി, തൊട്ടോട്ടം, എന്നിവയായിരുന്നു മുഖ്യകളികൾ.

School നു തൊട്ടുമുന്നിലുള്ള വീടായതുകൊണ്ടും അമ്മ അവിടെ teacher ആയതുകൊണ്ടും വീട് ഏതാണ്ടൊരു liaison office പോലെയായിരുന്നു പ്രവൃത്തിച്ചിരുന്നത്. School admission സമയത്ത് വീടിന്റെ ഉമ്മറം തന്നെയാണ് മിക്കവാറും admission office ആയി പ്രവർത്തിച്ചിരുന്നത്. Vacation തീരുന്നതിനു തൊട്ടുമുൻപുള്ള ഒന്നുരണ്ടാഴ്ചക്കാലമാണ് ഇത് നടക്കാറ്. ആ കാലങ്ങളിൽ ഞങ്ങളുടെ പരിസരത്തുള്ള ഒട്ടുമിക്ക കുട്ടികളേയും ചേർക്കപ്പെട്ടിട്ടുള്ളത് അമ്മ തന്നെയാണ്. മിക്കവരുടേയും ജന്മദിനവും അതിനനുസരിച്ച് തീരുമാനിക്കപ്പെട്ടവയുമാണ്. "അവന്/അവൾക്ക് അഞ്ചു വയസ്സായി ടീച്ചറേ"എന്നതാണ് മാനദണ്ഡം. അക്കാലങ്ങളിൽ പള്ളുരുത്തിയിൽ "മണിടീച്ചർ" ആയ അമ്മ തന്നെയായിരുന്നു, അച്ഛനുൾപ്പടെ ഞങ്ങളുടെ പ്രധാന മേൽവിലാസം.

അതുകൂടാതെ, മിക്ക teacher മാർക്കും തലവേദന, വയറുവേദന, നടുവേദന, കാലുവേദന എന്നിവയ്ക്കുള്ള rest, പരിഹാരങ്ങൾ എന്നിവയ്ക്കുപുറമേ മഴക്കാലങ്ങളിൽ ഈറൽ മാറൽ എന്നിവയ്ക്കെല്ലാം ഞങ്ങളുടെ വീടായിരുന്നു ആശ്വാസമായിരുന്നത്. ഈ കാരണങ്ങളാലും നല്ലപോലെ പഠിക്കു ന്ന കുട്ടിയായതിനാലും, മിക്ക teachers നും എന്നോട് പ്രത്യേകം സ്നേഹവും താൽപ്പര്യവും ഉണ്ടായിരുന്നു എന്നു മാത്രമല്ല മിക്ക teacher മാരേയും എനിക്ക് personal ആയി അറിയാം എന്ന ഒരു സ്വകാര്യമായ അഹങ്കാരവും എനിക്കുണ്ടായി. എന്നാൽ, കാര്യങ്ങൾ അങ്ങിനെയല്ല, എന്നു എന്നെ മനസ്സിലാക്കിയ ഒരു സംഭവവും ഉണ്ടായി.

എന്റെ primary school ലെ ഒരു August $15^{th}$ സ്വാതന്ത്ര്യദിനാഘോഷത്തിലായിരുന്നു ആ സംഭവം. അന്നത്തെ Head മാഷ്, Shri Padmanabha Kaimal ആയിരുന്നു (കൈമൾ മാഷ്). നല്ല ഉയരവും അതിനൊത്ത് വണ്ണവുമുള്ള, എപ്പോഴും വെള്ള മുണ്ടും മുറികൈയ്യൻ ഷർട്ടും, തോളത്തൊരു തോർത്തും ധരിച്ച് കയ്യിൽ ഒരു

നീളൻ ചൂരൽ വടിയുമായിട്ടാണ് വരാന്തകളിൽ കൈമൾ മാഷിനെ കാണപ്പെടുക. മൂക്കിൽപൊടി വലിക്കുന്ന മാഷ്, തോർത്ത് കൂടുതലും ഉപയോഗിച്ചിരുന്നത് അതിനുവേണ്ടിത്തന്നെയാണ്. എടാ എടീ പോടാ പോടീ എന്നാണ് എല്ലാകുട്ടികളേയും വിളിക്കുക. വൈകുന്നേരം school & office അടച്ചു, മിക്കവാറും വീട്ടിൽ കയറി ഒരു ചായകുടിച്ചേ മാഷ് സ്വന്തം വീട്ടിലേക്ക് പോവൂ. അപ്പോൾ എന്നെ സ്നഹത്തോടെ മോളേന്നു വിളിക്കും.

അങ്ങനെ ആ സ്വാതന്ത്ര്യദിനത്തിൽ രാവിലെ 9 മണിക്കു പതാക ഉയർത്തലിനുശേഷം ദേശീയഗാനം പാടാൻ മുന്നിൽ നിലകൊണ്ട ഞാനടക്കം കുറച്ചു കുട്ടികളെ മാഷ് വിളിച്ചു. മുട്ടായി പെറുക്കാൻ മുട്ടിനിന്ന ഞാൻ നാണം അഭിനയിച്ചു കൊഞ്ചി നിഷേധിച്ചു നിന്നു. ബാക്കി കുട്ടികളെ നിർത്തി കൈമൾ മാഷ് ദേശീയഗാനം ചൊല്ലിച്ചു. ദേശീയഗാനം പാടിതീർന്ന അടുത്ത നിമിഷം ഞാനറിയുന്നത്, മാഷ് എന്നെ കയ്യോടെ പിടിച്ച് മുട്ടിനുതാഴെ പ്രയോഗിച്ച രണ്ടു നല്ല ഒന്നാന്തരം ചൂരൽ കഷായമാണ്. ദേശീയഗാനം ചൊല്ലാൻ നിനക്കു മടിയാണല്ലേടീ, എന്നു ചോദിച്ചുകൊണ്ടായിരുന്നു അടി. എന്താണു സംഭവമെന്ന് എനിക്ക് മനസ്സിലാവും മുന്പേ കാലിൽ ചുവന്ന വരകൾ വീണിരുന്നു. കരഞ്ഞുകൂവി വീട്ടിലേക്ക് ഓടിയത് മാത്രം ഓർമ്മയുണ്ട്. അമ്മ സാധാരണപോലെ, പതുക്കെ ആഘോഷങ്ങൾ എല്ലാം കഴിഞ്ഞു വീട്ടിലെത്തി. കരഞ്ഞുകൊണ്ടിരുന്ന എന്നോട് ദേഷ്യപ്പെട്ടതല്ലാതെ പ്രത്യേകിച്ച് ഒന്നും തന്നെ നടന്നില്ല. പതിവുപോലെ കൈമൾ മാഷും വീട്ടിലെത്തി ഒരു ചായകുടിച്ചു ഒന്നും സംഭവിക്കാത്തതുപോലെ സ്വന്തം വീട്ടിലേക്കും പോയി. ആഴ്ചയിൽ ഏതാണ്ട് എല്ലാദിവസവും തന്നെ വീട്ടിൽ പലകാര്യങ്ങൾക്കായും വന്നു എന്നോടും സഹോദരങ്ങളോടും അമ്മയോടും അച്ഛനോടുമെല്ലാം വളരെ സ്നേഹത്തോടെ പെരുമാറുന്ന കൈമൾ മാഷിൽനിന്നും ഇങ്ങിനെയൊന്ന് ഞാൻ ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല. അതും ബാക്കി അദ്ധ്യാപകരുടേയും കുട്ടികളുടേയും മുമ്പിൽ വച്ച്. എനിക്ക് കുറേ നാളത്തേക്ക് അദ്ദേഹത്തോട് വളരെയധികം ദേഷ്യം തോന്നിയിരുന്നു. അതിനുശേഷം എന്നുമുതലാണ് ദേഷ്യം മാറിയതെന്ന് കൃത്യമായി ഓർമ്മയില്ലെങ്കിലും, പിന്നീട് എന്റെ എല്ലാ വിജയങ്ങളിലും നേട്ടങ്ങളിലും വളരെയധികം സ്നേഹം കാട്ടുകയും ബാക്കിയുള്ളവരുടെ മുന്നിൽ അദ്ദേഹം അതു അഭിമാനത്തോടെ പറയുന്നതും ഞാൻ ഓർക്കുന്നു. പിന്നിട് ഒരു അദ്ധ്യാപികയായപ്പോഴാണ്, അദ്ദേഹത്തിന്റെ “കുറ്റം കണ്ടാൽ ഉടൻ നടപടി” എന്ന മഹത്വം മനസ്സിൽ കൂടുതൽ പതിഞ്ഞത്. എന്റെ ജീവിതത്തിൽ എനിക്ക് ഒരുപക്ഷെ, കിട്ടിയ ആദ്യത്തെയും

അവസാനത്തെയും ചൂരൽപ്രയോഗമായിരുന്നു അത്. അച്ഛൻ ചൂരൽ കാട്ടി പേടിപ്പിക്കുകയല്ലാതെ തല്ലിയിട്ടില്ല. അമ്മ അദ്ധ്യാപികമാരുടെ സ്ഥിരം കലാപരിപാടികളായ പിച്ചൽ, നുള്ളൽ, തല്ലൽ എന്നീ കൈപ്രയോഗങ്ങളായിരുന്നു കൂടുതലും വീട്ടിൽ ഞങ്ങളോട് നടപ്പാക്കിയിരുന്നത് ...വടി തപ്പാനൊന്നും മെനക്കെടാറില്ല....

ഒരുപാട് വർഷങ്ങൾക്കുശേഷം അടുത്തിടെ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ദേശീയഗാനം സംബന്ധമായ ഒരു നിയമം കേട്ടപ്പോളാണ് കൈമൾ മാഷ് എന്റെ മനസ്സിൽ ഒന്നു കൂടി ആദരണീയനായത്. School ൽ പഠിക്കുന്ന ഓരോ കുട്ടിയും ദേശീയഗാനം അറിഞ്ഞിരിക്കണമെന്നും മടികൂടാതെ ചൊല്ലണമെന്നമുള്ള അദ്ദേഹത്തിന്റെ ആഗ്രഹവും അത് ചെറിയ primary class മുതൽ instil ചെയ്യാനുമുള്ള ആ മനസ്സ് ആദരണീയമാണ്. ഇന്ന് ദേശീയഗാനത്തോടൊപ്പം തന്നെ എന്റെ മനസ്സിൽ ചേർന്നു, ഉയർന്നു നിൽക്കുന്ന പ്രതിഭയായി കൈമൾ മാഷ്.

Upper Primary class കളിൽ എല്ലാ വ്യാഴാഴ്ച വൈകുന്നേരം last period സാമൂഹ്യ സമാജം പരിപാടിയായിരുന്നു. ഇത് class ലെ പാട്ട്, പ്രസംഗം, പദ്യപാരായണം, ഉപന്യാസം വായന, മോണോ ആക്ട് എന്നിവയിൽ ഓരോരുത്തർക്കുമുള്ള കഴിവു പ്രദർശിപ്പിക്കാനുള്ള ഒരു വേദി. Table cloth, flower vase, ചന്ദനത്തിരി ഇതാണ് മറ്റു ആവശ്യമായ items- അതു സ്ഥിരം ഞാനാണ് വീട്ടിൽ നിന്നും കൊണ്ടു വരാറ്. ഏതാണ്ട് മൂന്നു വർഷവും (5,6 &7 classes) പതിവായി പാട്ടുപാടിയിരുന്നത് Michel എന്ന് പേരുള്ള മെലിഞ്ഞു പൊക്കമുള്ള ഒരു കുട്ടിയായിരുന്നു. മിക്കവാറും പാടുന്ന പാട്ടും ഒന്നുതന്നെ..."കർത്താവെ കൊന്ത കണ്ടില്ല, ആന്റപ്പാ നീ എടുത്തോടാ..." ഇതിൽ class ലെ കുട്ടികളുടെ പേരുചേർത്ത് പാടിക്കൊണ്ടിരിക്കും. പാട്ട് നന്നായാലും ഇല്ലെങ്കിലും സ്ഥിരം ഈ കുട്ടിയെ കൊണ്ട് പാടിപ്പിക്കുന്നതിന്റെ പൊരുൾ അമ്മ പറഞ്ഞപ്പോഴാണ് മനസ്സിലായത്. അവന് പാട്ടുപാടുമ്പോളല്ലാതെ സംസാരിക്കുമ്പോൾ വിക്കുണ്ടായിരുന്നുവത്രേ. വളരെ വർഷങ്ങൾക്കു ശേഷം music therapy എന്നത് വായിച്ചപ്പോൾ ഇതാണ് ആദ്യം മനസ്സിൽ വന്നത്. ഗവേഷണവും paper പ്രസിദ്ധീകരണങ്ങളും ഇല്ലാതെ തന്നെ അന്ന് അവർക്കതു മനസ്സിലാക്കാൻ സാധിച്ചു.

ഞാൻ പഠിച്ച NSS school കരയോഗം വക school ആയിരുന്നകൊണ്ട് അതിനെ locally സമാജം school എന്നും അറിയപ്പെട്ടിരുന്നു. ഒരു 500

meter മാറി സർക്കാർ വക ഒരു LP school ഉം അവിടെ നിലവിൽ ഉണ്ടായിരുന്നു, Palluruthy Government LP School. രണ്ടു school ലേയും കുട്ടികൾ ഒരുപ്രത്യേക ഈണത്തിൽ പോരുവിളിക്കുമായിരുന്നു especially ഉച്ചയ്ക്കും വൈകീട്ടും school വിട്ടു പോകും വഴി ഇത് വളരെ പ്രകടമാവും. “ചക്കരക്കു മധുരോല്ല” എന്ന സമാജം school വക പോർവിളിക്ക് “ചമ്മന്തിക്കുപ്പില്ല” എന്നാണ് മറുപോർവിളി. ചക്കര stands for സർക്കാർ & ചമ്മന്തി stands for സമാജം...

Anyway over the years now, the Government school flourished with good education and infrastructure and sadly I am seeing the pathetic state of NSS UP school, still there, just opposite to my home. A painful sight...

NSS school ലെ എല്ലാ അദ്ധ്യാപകരേയും ഇപ്പോഴും ഓർക്കുന്നു. ജീവിച്ചിരിക്കുന്ന പലരേയും കാണാൻ ശ്രമിക്കാറുമുണ്ട്. ഒന്നാം class ലെ കല്യാണികുട്ടി ടീച്ചർ, പത്മാവതി ടീച്ചർ, രണ്ടാം class ലെ രാധ ടീച്ചർ, മൂന്നാം class ലെ സരസ്വതി ടീച്ചർ, നാലാം class ലെ Chandramathi ടീച്ചർ, Upper primary class കളിലെ സൗദാമിനി ടീച്ചർ, ഭവാനി ടീച്ചർ, ഭാരതി ടീച്ചർ, ശ്രീദേവി ടീച്ചർ, രാധാമണി ടീച്ചർ, ജയഭാരതി ടീച്ചർ (ടീച്ചറുടെ മകൾ പിന്നീട് എന്റെ ചേടത്തിയമ്മയായി), ശാരദ ടീച്ചർ, ആഗി ടീച്ചർ, സംസ്കൃതം പഠിപ്പിച്ച സരോജനി ടീച്ചർ എന്നിവരും പിന്നീട് head master ആയി പാണാവള്ളിയിൽ നിന്നും വന്ന ശ്രീ ഗണനാഥ കർത്താവ് സാറിനേയുമെല്ലാം സ്നേഹത്തോടെ നമിക്കുന്നു, സ്മരിക്കുന്നു. എല്ലാ വർഷവും school anniversary കളും അതിലെ പാട്ട്, dance, മറ്റു മത്സരങ്ങൾ എന്നിവയെല്ലാമായി UP School ജീവിതം അടിപൊളിയായി.

8th to 10th പഠിച്ചത് അന്നും ഇന്നും ഒരുപോലെ പ്രസിദ്ധികേട്ട പള്ളുരുത്തി വെളിയിലെ SDPY School ന്റെ Girls High Scholl ൽ ആയിരുന്നു. വീട്ടിൽ നിന്നും കഷ്ടിച്ച് 2 km ദൂരമുണ്ട് school ലേക്ക്. 1 km road കഴിഞ്ഞാൽ പിന്നീട് മണലിൽ കാല് പൂഴ്ത്തി യായിരുന്നു യാത്ര. ആദ്യമായി വീടിനു ദൂരെയുള്ള schoolഉം ചോറുകൊണ്ടുപോവലുമാണ് വളരെ ഉത്സാഹം പകർന്ന കാര്യങ്ങൾ. കാൽനടയായ യാത്രയിൽ പോകുന്ന വഴിക്ക് ഒരോരുത്തരായി കൂട്ടുകാരികളെ collect ചെയ്താണ്

പോക്ക്. ആ പ്രദേശത്തെ ഒരേ ഒരു high school ആയതിനാൽ school സമയം road മുഴുവനും കുട്ടികളും teachers തന്നെയാവും അധികവും. High school ആയതിനാൽ പഠനത്തിന് മുൻതൂക്കമുണ്ടായിരുന്നെങ്കിലും ആഹ്ളാദകരം തന്നെയായിരുന്നു ദിവസങ്ങൾ. മിക്ക അദ്ധ്യാപികമാരേയും അവരുടെ പഠിപ്പിക്കുന്ന രീതിയും ഇപ്പോഴും മറന്നിട്ടില്ല. രാജം, പ്രേമു , ഭാഗ്യലക്ഷ്മി, മാലതി, ചിന്ന, മാധുരി, വസുമതി, റോസമ്മ, ശാരദ, ശാന്ത, ലതിക, ജീജാഭായ് പാവന എന്നീ അദ്ധ്യാപികമാരും സരോജനി ടീച്ചർ Head Mistress ആയിരുന്നു എന്നെ പഠിപ്പിച്ചവർ. School ലെ എന്റെ batch ലെ highest mark in SSLC എനിക്ക് കിട്ടിയതിൽ പ്രധാനപങ്കുവഹിച്ചത് പഠിപ്പിക്കുന്നതിൽ ഈ അദ്ധ്യാപികമാർ കാണിച്ച ആത്മാർത്ഥത തന്നെയാണ്. കുറച്ചു ദൂരെയുള്ള തോപ്പുംപടിയിലെ വലിയ school കളിൽ വിദ്യാർത്ഥിസമരം വന്നെന്ന കേട്ടുകേൾവിയല്ലാതെ school days ൽ ഒരു സമരം പോലും കണ്ടിട്ടില്ല.

High school കഴിഞ്ഞ് പിന്നീടങ്ങോട് നഗരങ്ങളിലായി പഠനം Pre Degree, എറണാകുളം St Teresa's & then CET TVM for Engineering വിദ്യാഭ്യാസം. Schooling സമയത്ത് വീടിനടുത്ത് English medium or convent schools ഇല്ലായിരുന്നതുകൊണ്ട്, ഏതാണ്ട് എല്ലാ തരത്തിലും വിഭാഗത്തിലുമുള്ള കുട്ടികളുണ്ടായിരുന്നു എല്ലാ class കളിലും. ഒരുപക്ഷെ ജീവിതത്തിലെ ഏറ്റവും നല്ല അനുഭവങ്ങൾ ലഭിച്ചതും അവിടെ നിന്നും തന്നെ. നാട്ടിൽപുറത്തെ നന്മകളിൽ പണ്ടേ നിലനിന്നവകളാണ് അഭിപ്രായസ്വാതന്ത്ര്യം, ഉച്ചനീചത്വമില്ലായ്മ, സമത്വം എന്നിവയെല്ലാം., which are all, surprisingly a subject topic or issue, now a days, even in primary schools…

അന്നത്തെ പല കൂട്ടുകാരികളേയും ഇപ്പോഴും നാട്ടിൽ കാണാറുണ്ട്. നാടുകളിൽ ഓടുന്ന എനിക്കും നാട്ടിലോടുന്ന അവർക്കും കാണുമ്പോൾ ഒരേ വികാരം…സന്തോഷം മാത്രം. ഏതു school ൽ കുഞ്ഞിനെ ചേർക്കണമെന്ന് ഒരു വയസ്സുമുതൽ tension അടിക്കുന്ന ഇന്നത്തെ parents നെ കാണുമ്പോൾ ഈയൊരു കാര്യത്തിനായി ഒരു നിമിഷം പോലും ആലോചിച്ചു സമയം കളയാഞ്ഞ എന്റെ അച്ഛനമ്മമാരെ ഓർത്തുപോവും. Option നുകൾ ഇല്ലാതിരുന്നതും അതിലുപരി ഉള്ളതിനെ ശരിയായി ഉപയോഗിക്കാൻ അറിയാവുന്നവർ ഉണ്ടായിരുന്നതുമായ കാലം. Dont mind to take one more chance to be

there in same situations if I get a rebirth....i simply love my schools and school days.

ഇതുപോലെ രസകരവും അല്ലാത്തതുമായ പല കാര്യങ്ങളും അനുഭവങ്ങളും തന്നെയാണ് അന്നും പിന്നീടും ഞാനെന്ന വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ എന്നെ സഹായിച്ചിട്ടുള്ളത്. പങ്കുവഹിച്ച എല്ലാ പ്രിയ അദ്ധ്യാപകർക്കും കൂട്ടുകാർക്കും സാഹചര്യങ്ങൾക്കും നന്ദിയോടെ ഇത് സമർപ്പിക്കുന്നു. സ്നേഹത്തോടെ,

ജയശ്രീ